## കാർബൺ മലിനീകരണ വിരുദ്ധപോരാട്ടം

# ആയിരം ദിവസം പിന്നിടുമ്പോൾ

കരിമുകൾ : ഫിലിപ്സ് കാർബൺ കമ്പനിക്കെതിരായി നിയമത്തിലൂടെയും അല്ലാതെയും സമരം തുടങ്ങിയിട്ട് രണ്ടുപതിറ്റാണ്ടായി. കമ്പനി പ്രവർത്തിക്കുമ്പോൾ നാട്ടിലാകെ കരിമഴ പെയ്യുന്നു. കോടതിയും സർക്കാരും മലിനീകരണ നിയന്ത്രണ ബോർഡും ഇക്കാര്യത്തിൽ ഒന്നും ചെയ്യാതാകുകയും കരിമഴയുടെ ശക്തി കൂടുകയും ചെയ്തതിനാൽ 2001 ജൂലായ് 26 ന് ജനങ്ങൾ ഇരച്ചുകയറി കമ്പനി നിർത്തിച്ചു. അന്നുമുതൽ നിരന്തര സമരമാണ്. കോടതി പലതരത്തിലുള്ള വിധികൾ പുറപ്പെടുവിച്ചു. സമരം ശക്തമായപ്പോൾ പഴയ രണ്ടു പ്ലാന്റുകൾ പൊളിച്ചു കൊണ്ടുപോയി. ഇപ്പോൾ ഗുജറാത്തിൽ സ്ഥാപിക്കാനാണ് ശ്രമം. പുതിയ ഒരു പ്ലാന്റ് സ്ഥാപിച്ച് ട്രയൽ റൺ നടത്താൻമാത്രം കോടതി അനുവദിച്ചു. ആ പഴുതുപയോഗിച്ച് ഉൽപാദനം വർദ്ധിപ്പിക്കാൻ കമ്പനി നടത്തിയ ഗൂഢശ്രമം ജനങ്ങൾ പരാജയപ്പെടുത്തി. ട്രയൽ റൺ നിരന്തരം പരിശോധിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിനോട് കോടതി ആവശ്യപ്പെട്ടു. പരിശോധിക്കാൻ കരിമഴയുടെ അളവു കുറയുന്നില്ലെന്നു കണ്ടതിനാൽ ബോർഡ് ഒരു റിപ്പോർട്ടും നൽകുന്നില്ല. കോടതി ഇതിനിടെ നടത്തിയ ഒരു വിധി വളരെ രസകരമാണ്. കമ്പനിക്കെതിരെ ഹർജി നൽകിയവരാരും 'കരിമുകൾ' കാരല്ലെന്നാണ് കണ്ടുപിടുത്തം. ഇവരുടെ ആരുടെയും മേൽവിലാസത്തിൽ കരിമുകൾ പി.ഒ. ഇല്ലാത്തതാണ് പ്രശ്നം. ഈ പേരിൽ ഒരു പോസ്റ്റ് ഓഫീസ് നിലവിലില്ല. പുത്തൻകുരിശ് വടവുപോട്കാണ് പി.ഒ. കമ്പനിയുടെ മേൽവിലാസവും അതുതന്നെയാണെന്ന കാര്യം കോടതിയറിഞ്ഞില്ല. ഇത്രക്കും നിരുത്തരവാദപരമാണ് നിയമസംവിധാനം.

എല്ലാ വഴികളുമടഞ്ഞ ജനങ്ങൾ സമരം തുടരുന്നു. ആയിരം ദിവസം തികയുന്നു, 2004 ഏപ്രിൽ 21ന്. ധർണ, പ്രകടനം, പൊതുസമ്മേളനം, പ്ലാച്ചിമടയിൽനിന്നുള്ള സമരക്കാർക്ക് സ്വീകരണം.

### അവരുടെ നോട്ടീസിൽനിന്ന്

'വികസനവും ജീവിക്കാനുള്ള അവകാശവും' സെമിനാർ ഏപ്രിൽ 18 രാവിലെ 10ന് എറണാകുളം മഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ. ജീവിക്കുക എന്നത് ഇവിടെ ജനിച്ച ഓരോ മനുഷ്യന്റെയും ജന്മാവകാശമാണ്. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതത്തെ തടസ്സപ്പെടുത്തുന്നതും ദുരിതപൂർണ്ണമാക്കുന്നതുമായ എല്ലാത്തിനേയും തടയാനുള്ള അവകാശമോ ബാദ്ധ്യതയോ നമുക്കുണ്ട്.....

വികസനത്തിന്റെ പേരിൽ സമ്പന്നർ പാവപ്പെട്ടവന്റെ ഉപജീവനോപാധികൾ തകർക്കുകയും അവരെ നിത്യനരകത്തിലേക്ക് തള്ളിവിടുകയുമാണ്.

ഇതിനെതിരെ പ്രതിഷേധങ്ങൾ ഉയർന്നു വരുമ്പോൾ അതിന്റെ മുനയൊടിക്കാൻ പാവപ്പെട്ടവരെ പാവപ്പെട്ടവർക്കെതിരെ തിരിച്ചുവിടുന്നു. തൊഴിലാളി സുഹൃത്തുക്കൾ താത്കാലിക നിലനില്പിനുവേണ്ടി വിനാശവികസനത്തിന്റെ വക്താക്കളായി രംഗത്തു വരുന്ന സാഹചര്യമാണിത്.

കരിമുകളിലെ കാർബൺ മലിനീകരണ വിരുദ്ധ സമിതി ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ഒരു ചർച്ചയ്ക്ക് വേദിയൊരുക്കുന്നു. ഉദ്ഘാടനം ചെയ്യുന്നത് പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ. സത്യൻ അന്തിക്കാടാണ്. കേരള ഹൈക്കോടതിയിലെ അഡ്വ. ശ്രീ. രാംകുമാർ, ശ്രീ. എം.കെ. പ്രസാദ്, എം.പി. സുകുമാരൻ നായർ തുടങ്ങിയവർ പങ്കെടുക്കുന്നു. ഈ സെമിനാറിലേക്കും തുടർന്നുള്ള മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനങ്ങളിലേക്കും താങ്കളെ സ്വാഗതം ചെയ്യുന്നു.

## 'ശ്രദ്ധ'

### പ്രകൃതി സഹവാസ കേന്ദ്രം

പാലക്കാടൻ ചുരത്തിന്റെ തെക്കേ ഓരത്ത് നെല്ലിയാമ്പതി മല നിരകൾക്ക് താഴെ അനുരാഗം-ജൈവകൃഷിയിടത്തിന്റെ ഭാഗമാണ് - 'ശ്രദ്ധ' പ്രകൃതി സഹവാസ കേന്ദ്രം. പാലക്കാട് ജില്ലയിലെ മുതലമടയിൽ ചുള്ളിയാർ ഡാമിന് സമീപം ഇത് സ്ഥിതി ചെയ്യുന്നു.

ആന്തരിക അന്വേഷണത്തിന്റെ ഒരു ഘട്ടത്തിൽ മണ്ണുമായുള്ള ബന്ധം പുനസ്ഥാപിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു 'അനുരാഗം'. അവനവനിലേക്കും, രാമകൃഷ്ണ പരമഹംസർ, രമണ മഹർഷി, ജെ. കൃഷ്ണമൂർത്തി എന്നിവരുടെ ദർശനങ്ങളിലേക്കും ആഴ്ന്നിറങ്ങാൻ ശ്രമിച്ച ഒരു ദിശക്ക് അർദ്ധവിരാമം.

'ശ്രദ്ധ' അതുകൊണ്ടുതന്നെ, ഒരേ ഒഴുക്കിന്റെ അകത്തേയ്ക്കും പുറത്തേക്കുമുള്ള ചലനം തന്നെ. നിശബ്ദതയ്ക്കും, ആന്തരിക അന്വേഷണത്തിനും, മണ്ണിലുള്ള പ്രവർത്തനങ്ങൾക്കുമായി 'ശ്രദ്ധ' വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങളോടും പ്രകൃതിയോടും ജൈവകൃഷി, പ്രകൃതി ജീവനം എന്നീ ആശയങ്ങളോടും, കൃഷ്ണമൂർത്തി ദർശനത്തോടും ആത്മബന്ധം സ്ഥാപിക്കുന്നതിനായി ഈ സ്ഥലം നിങ്ങൾക്ക് ഉപയോഗിക്കാം.

ഇവിടെ ചമ്പാവ് നെല്ല്, നിലക്കടല, എള്ള്, പച്ചക്കറികൾ, വിവിധയിനം മാവുകൾ, നെല്ലിക്ക, പേര, തെങ്ങ്, ഔഷധസസ്യങ്ങൾ, വൻമരങ്ങൾ എന്നിവ കൃഷി ചെയ്യുന്നു.

സന്ദർശകർക്ക് ഇവിടത്തെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടാനോ നിശബ്ദരായി തങ്ങളുടെ മേഖല കണ്ടെത്താനോ സ്വാതന്ത്ര്യമുണ്ടായിരിക്കും. എന്നാൽ പുകവലി, മദ്യപാനം, മാംസാഹാരം മുതലായ ശീലങ്ങൾ ഇവിടെ ഒഴിവാക്കേണ്ടതാണ്.

താമസത്തിന്റെയും, ഭക്ഷണത്തിന്റെയും ചെലവുകൾ സന്ദർശകർ വഹിക്കേണ്ടതാണ്.

താല്പര്യമുള്ളവർ ബന്ധപ്പെടുക -
സുമൻ, 'അനുരാഗം',
മേച്ചിറ, മുതലമട പി.ഒ. പാലക്കാട്
ഫോൺ 04923 2375439, 2375682